# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 1006

11.03.2015 ലെ മറുപടിക്ക്

## വിനോദസഞ്ചാര വികസന പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. ബി.ഡി.ദേവസ്സി<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ | | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| എ) | ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം വിനോദസഞ്ചാര വകുപ്പ് നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | എ) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ബി) | കേന്ദ്രസഹായത്തോടെയുള്ള പദ്ധതികൾ പലതും നടപ്പിലാക്കാതെ ഫണ്ട് പാഴാക്കിയിട്ടുണ്ടോ; കാരണം അറിയിക്കാമോ; | ബി) | കേന്ദ്രാനുമതി ലഭിച്ച പദ്ധതികളിൽ ചിലത് പദ്ധതി പ്രദേശത്തെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട കാലതാമസം, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, മറ്റ് സാമൂഹിക പ്രശ്നങ്ങൾ എന്നീ കാരണങ്ങൾ കൊണ്ട് കേന്ദ്രം നിർദ്ദേശിക്കുന്ന സമയ പരിധിക്കുള്ളിൽ പൂർത്തിയാക്കാൻ കഴിയാതെവന്ന സന്ദർഭങ്ങളിൽ ഫണ്ട് തിരികെയടക്കാൻ നിർബന്ധിതമായിട്ടുണ്ട്. സമയബന്ധിതമായി തീർക്കാൻ കഴിയാത്ത പദ്ധതികളുടെ സമയപരിധി നീട്ടികിട്ടുന്നതിനുവേണ്ടി കേന്ദ്ര ടൂറിസം വകുപ്പിന് അപേക്ഷ നൽകിയിട്ടും സമയപരിധി നീട്ടികിട്ടാത്ത പദ്ധതികളുമായി ബന്ധപ്പെട്ട തുകയാണ് തിരിച്ചടച്ചിട്ടുള്ളത്. |
| സി) | വിനോദസഞ്ചാര കേന്ദ്രങ്ങളുടെ സമഗ്ര വികസനത്തിനും പശ്ചാത്തല സൗകര്യ വികസനത്തിനും എന്തെങ്കിലും പദ്ധതികൾ ഉണ്ടോ എന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ? | സി) | വിനോദസഞ്ചാര കേന്ദ്രങ്ങളുടെ സമഗ്ര വികസനത്തിനും പശ്ചാത്തല സൗകര്യ വികസനത്തിനും വിപുലമായ ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിൽ മെഗാ സർക്യൂട്ട് ഡെവലപ്മെന്റ്, ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് തുടങ്ങി വിവിധ പദ്ധതികൾ ഉൾക്കൊള്ളുന്നു. മെഗാ |

(.........2)

സർക്ക്യൂട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ഗ്രീൻ ടൂറിസം സർക്ക്യൂട്ട്
2. ഡെവലപ്മെന്റ് ഓഫ് ബാക്ക് വാട്ടർ സർക്യൂട്ട് ഇൻ ആലപ്പുഴ റീജിയൺ ആസ് മെഗാ സർക്യൂട്ട് ഇൻ കേരള
3. മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്

ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് പദ്ധതി പ്രകാരം വികസിപ്പിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ഇരിങ്ങൽ ആർട്ട് & ക്രാഫ്റ്റ് വില്ലേജ് - കോഴിക്കോട്
2. കോവളം ആർട്ട് & ക്രാഫ്റ്റ് വില്ലേജ് - തിരുവനന്തപുരം
3. ഡെവലപ്മെന്റ് ഓഫ് കാപ്പിൽ ബീച്ച് & ഇറ്റ്സ് സറൗണ്ടിങ്സ്
4. ഡെവലപ്മെന്റ് ഓഫ് കാരപ്പുഴ ഡാം സൈറ്റ്
5. ഡെവലപ്മെന്റ് ഓഫ് കക്കയം - പെരുവണ്ണാമൂഴി
6. ഡെവലപ്മെന്റ് ഓഫ് പാലക്കരി ഫിഷ് ഫാം

കൂടാതെ കേരളത്തിലെ വിവിധ പ്രദേശങ്ങളുടെ ടൂറിസം സാദ്ധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനും വിനോദ സഞ്ചാരികളെ അവിടേക്ക് ആകർഷിക്കുന്നതിനും ഒട്ടേറെ പദ്ധതികൾ നിലവിലുണ്ട്.

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്